## The Kerala Panchayat Union Councils and Zilla Parishads Bill, 1964.

**Mr. Speaker:** Next we take up the motion for reference to Select Committee of the Kerala Panchayat Union Councils and Zilla Parishads Bill, 1964. Last time Shri C. Achutha Menon was speaking on the motion for reference to Select Committee. I call upon Shri Achutha Menon to continue his speech.

ശ്രീ. സി. അച്യുതമേനോൻ : സർ, കഴിഞ്ഞ ദിവസം ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു് യൂണിയൻ കൗൺസിലിലുള്ള ഡവലപ്പ്മെന്റു് ഓഫീസറുടെ അധികാരത്തെ സംബന്ധിച്ചാണു്. ഈ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്ന പ്രകാരത്തിലാണെങ്കിൽ ഡവലപ്പ്മെന്റു ഓഫീസർക്കു് പഞ്ചായത്തു് യൂണിയൻ കൗൺസിലിൽ ഉപരിയായിട്ടുള്ള അധികാരം ഉണ്ടു്. വാസ്തവത്തിൽ യൂണിയൻ കൗൺസിലിനു് ഡവലപ്പ്മെന്റു ഓഫീസറെ നിയന്ത്രിക്കുന്നതിനുള്ള അധികാരം ഇതിൽ കൊടുത്തിട്ടില്ല, ഡവലപ്പ്മെന്റു ഓഫീസർ കൗൺസിലിന്റെ ചീഫ് എക്സിക്യൂട്ടീവു് ഓഫീസർ ആയിരിക്കുമെന്നു് 23–ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഡവലപ്പ്മെന്റു ഓഫീസർ ഒരു ഗവണ്മെന്റു ഉദ്യോഗസ്ഥനായിരിക്കും. അദ്ദേഹത്തെ നിയമിക്കുന്നതു് ഗവണ്മെന്റുതന്നെയായിരിക്കുകയും ചെയ്യും, സ്വാഭാവികമായി അദ്ദേഹത്തെ കൗൺസിലിൽനിന്നു് ഒഴിവാക്കാനും മാറ്റാനും ഒന്നംതന്നെ അധികാരം കൗൺസിലിനില്ല. കേരള പഞ്ചായത്തു് ആക്ടിലെ വകുപ്പുകളുമായിട്ടു് ഇതു് താരതമ്യപ്പെടുത്തിനോക്കുകയാണെങ്കിൽ, പഞ്ചായത്തിലെ എക്സിക്യൂട്ടീവു് ഓഫീസറെ നിയന്ത്രിക്കാനുള്ള അധികാരം പഞ്ചായത്തിനുതന്നെയുണ്ടു്. പഞ്ചായത്താക്ടിന്റെ വകുപ്പു് 33 പ്രകാരം എക്സിക്യൂട്ടീവു് ഓഫീസറുടെ മേൽ നിയന്ത്രണാധികാരം പഞ്ചായത്തിനുണ്ടു്. ഒരു എക്സിക്യൂട്ടീവു് ഓഫീസറെ സ്ഥലം മാറ്റുന്നതിനുള്ള അധികാരവും പഞ്ചായത്തിനുണ്ടു്. അതു് എങ്ങനെയാണെന്നുവച്ചാൽ പഞ്ചായത്തിന്റെ മുന്നിൽ രണ്ടു ഭൂരിപക്ഷത്തോടുകൂടി ഒരു പ്രമേയം പാസ്സാക്കുകയാണെങ്കിൽ അവിടെയുള്ള എക്സിക്യൂട്ടീവു് ഓഫീസറെ സ്ഥലം മാറ്റണമെന്നു് നിർബന്ധമുണ്ടു്. മുനിസിപ്പൽ ആക്ടിലും ഇത്തരത്തിലുള്ള ഒരു വകുപ്പുണ്ടു്. ഇപ്രകാരമുള്ള ഒരു വകുപ്പുണ്ടായാൽ പോലും പലപ്പോഴും എക്സിക്യൂട്ടീവു് ഓഫീസറെ സ്ഥലം മാറ്റാൻ മുനിസിപ്പൽ കൗൺസിലിനു് ബുദ്ധിമുട്ടുണ്ടു്. പ്രമേയം പാസ്സാക്കിയിട്ടു് വളരെക്കാലം അതു് നടപ്പിൽ വരുത്താതെ ഗവണ്മെന്റുവച്ചു താമസിപ്പിച്ചിട്ടുള്ള അനുഭവങ്ങളും ഉണ്ടായിട്ടുണ്ടു്. അങ്ങനെ സ്ഥലം മാറ്റുന്നതിനു് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം അംഗീകരിക്കണമെന്ന നിർബന്ധം ആക്ടിൽ വ്യവസ്ഥ ചെയ്യാതിരിക്കുന്ന അവസരത്തിൽ തീർച്ചയായും പഞ്ചായത്തു് യൂണിയൻ കൗൺസിലിനു് ഡവലപ്പ്മെന്റു ഓഫീസറെ നിയന്ത്രിക്കാൻ യാതൊരു അധികാരവും ഇല്ലെന്നു് മനസ്സിലാക്കാം. അതുപോലെതന്നെ പഞ്ചായത്തു യൂണിയൻ കൗൺസിലിൽ ബില്ലിലെ വകുപ്പു് 234–ാം ഉപവകുപ്പിൽ വ്യക്തമായി പറയുന്നുണ്ടു് ഡവലപ്പ്മെന്റു ഓഫീസർ കളക്ടറുടെ കീഴിൽ ആയിരിക്കുമെന്നു്. അതിൽ പറയുന്നതു് താഴെ പറയും പ്രകാരമാണു്.

> (4) The Development Officer shall be under the disciplinary control of the Collector who shall be competent to issue such directions as he may think fit for the due performance by the Development Officer of the functions assigned to him under this Act.

അപ്പോഴും ഡവലപ്പ്മെന്റു ഓഫീസറെ സംബന്ധിച്ചിടത്തോളം വാസ്തവത്തിൽ യൂണിയൻ കൗൺസിലിനു് യാതൊരു അധികാരവും ഇല്ലെന്നാണു് വന്നുചേർന്നിരിക്കുന്നതു്. ഈ വിഷയത്തെ സംബന്ധിച്ചു പഞ്ചായത്താക്ടും ഇതുമായി താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ പഞ്ചായത്തുകൾക്കു് എക്സിക്യൂട്ടീവു് ഓഫീസറെ നിയന്ത്രിക്കുന്നതിനു് കൂടുതൽ അവകാശം പഞ്ചായത്തു ആക്ടിൽ ഉണ്ടെന്നു് കാണാം. പഞ്ചായത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുത മേനോൻ]

എക്സിക്യൂട്ടീവ് ഓഫീസർ ഒരു ഗവണ്മെൻറുദ്യോഗസ്ഥൻ തന്നെയാണു്. ആ ഓഫീസറുടെ മേലും ഒരു ഗവണ്മെൻറുദ്യോഗസ്ഥന്റെ മേലുള്ള അച്ചടക്കനിയന്ത്രണച്ചട്ടങ്ങളും ഉണ്ടായിരിക്കും. അതേസമയം പരിമിതമായിട്ടുള്ള ചില അധികാരങ്ങളും പഞ്ചായത്തുകൾക്കു് അദ്ദേഹത്തിന്റെ മേൽ ഉണ്ടു്. പഞ്ചായത്താക്ട്ടിലെ 34 (3) വകുപ്പു് നോക്കിയാൽ അതു് വളരെ വ്യക്തമായി കാണാൻ സാധിക്കും. അതിൽ പറയുന്നതു് പഞ്ചായത്തുകളുടെ പ്രമേയം നടപ്പിൽ വരുത്തേണ്ടതും വീഴ്ചവരുത്തിയാൽ കാര്യനിർവഹണാധികാരസ്ഥനെതിരായി ശിക്ഷണ നടപടികളും എടുക്കാമെന്നുമാണു്. പഞ്ചായത്തുകളുടെ പ്രമേയം നടപ്പിൽ വരുത്തിയില്ലെങ്കിൽ എക്സിക്യൂട്ടീവ് ഓഫീസറുടെ മേൽ ശിക്ഷണ നടപടികളും സ്വീകരിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കു് കൊടുത്തിരിക്കുകയാണു്. ഇവിടെ പഞ്ചായത്തു യൂണിയൻ കൗൺസിലിനു് ആ വിധത്തിലുള്ള യാതൊരു അധികാരവും കൊടുത്തിട്ടില്ല. അതുകൊണ്ടു് എനിക്കു് പറയുവാനുള്ളതു് അതിനെ സംബന്ധിച്ചു് വളരെ വളരെ പ്രതിലോമപരമായ നിലപാടു് ആണു് ഗവണ്മെൻറു് എടുത്തിട്ടുള്ളതു് എന്നാണു്. പഞ്ചായത്തു യൂണിയൻ കൗൺസിലുകളും എന്നു പറയുന്നതു് ഒരുവിധം ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളായി പ്രവർത്തിക്കുമെന്നാണു്. അങ്ങനെയാണെങ്കിൽ പഞ്ചായത്തുകളുടെ ആവശ്യംതന്നെ ഉണ്ടായിരിക്കുകയില്ല. ഗവണ്മെൻറു ഉദ്യോഗസ്ഥന്മാർ അവരുടെ കൃത്യങ്ങളും നിർവഹിച്ചുകൊള്ളട്ടെ. അവർ ചെയ്യുന്ന തെറ്റുകളും കുറ്റങ്ങളും എല്ലാം, ജനപ്രതിനിധികളും, എം. എൽ. എ. മാരും, എം. പി. മാരും, സാധാരണ പൗരന്മാരും, വിമർശിച്ചുകൊള്ളും. അതിനുള്ള സ്വാതന്ത്ര്യം ഉണ്ടു്. ഭരണഘടനാപരമായിത്തന്നെ അവരവരുടെ അഭിപ്രായങ്ങളും പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യമുണ്ടു്. പത്രങ്ങളിൽ എഴുതുകയോ, മൈതാനങ്ങളിൽനിന്നു പ്രസംഗിക്കുകയോ ചെയ്യാം. അങ്ങനെ ചെയ്യുന്നതിനുള്ള അവകാശം എപ്പോഴും ഉണ്ടു്.

അതിൽകവിഞ്ഞു് പഞ്ചായത്തു യൂണിയൻ കൗൺസിൽ എന്നു പറഞ്ഞു ഒരു സ്ഥാപനമുണ്ടാക്കി അതിലേക്കു് തിരഞ്ഞെടുപ്പൊക്കെ നടത്തിക്കഴിഞ്ഞതിനുശേഷം അവർക്കു് ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കാനുള്ള അധികാരം കൊടുക്കാത്തതു് എന്തുകൊണ്ടാണെന്നു എനിക്കു് മനസ്സിലാകുന്നില്ല. വളരെയധികം പ്രതിലോമപരമായ ഒരു നിലപാടാണു് ഗവണ്മെൻറു ഇതിൽ സ്വീകരിച്ചിട്ടുള്ളതു്. പരിമിതമായ ചില അധികാരങ്ങളും ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനത്തെ നിയന്ത്രിക്കാനില്ലെന്നു വരുന്നതു് തീർച്ചയായും കഷ്ടമാണു്. യൂണിയൻ കൗൺസിലുകളെ സ്വയംഭരണസ്ഥാപനങ്ങളെന്നു പറയുന്നതുതന്നെ തെറ്റായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. ഈ കാര്യത്തെ സംബന്ധിച്ചു് 'ബൽവന്തറായ് മേത്താ' കമ്മിറ്റിറിയുടെ റിപ്പോർട്ടിലെ ഒരു ഭാഗത്തിലേക്കു് ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയെ ക്ഷണിക്കുകയാണു്. അതിൽ പറയുന്നതു് പഞ്ചായത്തു സമിതികളും നിശ്ചയിക്കുന്ന എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരുടെമേൽ പരിപൂർണ്ണമായ നിയന്ത്രണാധികാരം വേണമെന്നല്ല. അതുത്തോളം അവർ പോകുന്നില്ല. അവരുടെമേൽ കുറച്ചെങ്കിലും അതിനുമേലുള്ള ഉദ്യോഗസ്ഥന്മാർക്കും അധികാരമുണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ അവരൊക്കെ ഗവണ്മെൻറുദ്യോഗസ്ഥന്മാരാണു്. ഗവണ്മെൻറു സർവ്വീസു കാൻഡക്ടറ്റുകളൊക്കെ അവർക്കു ബാധകമായിരിക്കും. എന്നാലും അവരുടെ മേൽ യൂണിയൻ കൗൺസിലുകൾക്കു് ഒരു നിയന്ത്രണം വേണം. ആ നിയന്ത്രണം പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയില്ലെന്നാണു് ആ കമ്മിറ്റിറിയുടെ അഭിപ്രായം. പഞ്ചായത്തു സമിതികളിൽ ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നു എന്നുള്ളതിനാൽ പഞ്ചായത്തു സമിതികൾക്കു് ശിക്ഷണപരമായ ചില അധികാരങ്ങളെങ്കിലും ഈ ഉദ്യോഗസ്ഥന്മാരുടെ മീതേ ഉണ്ടായിരിക്കണമെന്നു് അതിൽ വ്യക്തമായി പറയുന്നുണ്ടു്. അതിലെ ഒരു വാചകം ഞാൻ വായിക്കാം. ആ റിപ്പോർട്ടിലെ വാല്യം മൂന്നിൽ 170-ാം പേജിൽ ഇങ്ങനെ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

"The panchayat samathi as the operating employer may have the power to impose minor penalties like censure, withholding of increment etc. with the prior approval or consent of the Zilla Parishad which may be considered as the next higher authority for the purpose of appeal also.

അതിൽ വ്യക്തമായിട്ടുള്ള ഒരു സമീപനം കാണാൻ സാധിക്കും. എന്താണെന്നവച്ചാൽ തിരഞ്ഞെടുക്കപ്പെട്ട സ്വയംഭരണസ്ഥാപനങ്ങളുടെ മീതേ ഉദ്യോഗസ്ഥന്മാർക്കു മാത്രമായിട്ടുള്ള അധികാരങ്ങളും കൊടുക്കുന്നതു് ശരിയല്ല. അതു കൊണ്ടാണു് ഈ ഉദ്യോഗസ്ഥന്മാരുടെ മേൽ ശിക്ഷണ നടപടിയെടുക്കാൻ പഞ്ചായത്തു് സമിതികൾക്കു്, അധികാരം കൊടുക്കുമ്പോഴും അതിന്റെ നിയന്ത്രണം ജില്ലാപരിഷത്തിനു വേണമെന്നു പറയുന്നതു് ഇൻഡ്യൻ യൂണിയനിൽ പരിപൂർണ്ണമായ അധികാരം കളക്ടറെ ഏൽപ്പിക്കണമെന്നല്ല പറയുന്നതു്; ജില്ലാ പരിഷത്തിനെ ഏൽപ്പിക്കണമെന്നാണു് പറയുന്നതു്. അതിൽ വ്യക്തമായി വ്യത്യാസം കാണാൻ സാധിക്കും. നമ്മുടെ പഞ്ചായത്തുകളും, അതിനു മീതെ പഞ്ചായത്തു സമിതി, അതിനുമീതെ ജില്ലാപരിഷത്തു് എന്നു പറഞ്ഞുകൊണ്ടു് സ്വയംഭരണ സ്ഥാപനങ്ങളും തിരഞ്ഞെടുക്കപ്പെട്ട നടപ്പിൽ വന്നു കഴിഞ്ഞാൽ, ആ സ്ഥാപനങ്ങളുടെ മീതേ ചില ഉദ്യോഗസ്ഥന്മാർക്കു അധികാരം കൊടുക്കുകയാണെങ്കിൽ ജനാധിപത്യ വികേന്ദ്രീകരണം എന്നു പറയുന്ന തത്വത്തെത്തന്നെ പ്രായോഗികമായി ലംഘിക്കുകയാണു് ചെയ്യുന്നതു്, ആ തത്വം എന്താണു്? തിരഞ്ഞെടുക്കപ്പെട്ട സമിതികൾക്കു് അധികാരം ഏൽപ്പിച്ചുകൊടുക്കണമെന്നുള്ളതാണു്. ഭരണപരമായി നടത്തേണ്ട പല പ്രവർത്തനങ്ങളും അവയെ ഏൽപ്പിച്ചു കൊടുക്കേണ്ടതാണു്. ബൽവന്തറായ് മേത്താ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഒരു ഭാഗത്തു് അതു ശരിയായി പറയുന്നുണ്ടു്. താഴെ പടിയിലുള്ള ഗവണ്മെൻറിന്റെ പല പ്രവർത്തനങ്ങളും, ഗവണ്മെൻറിന്റെ റവന്യൂ പിരിക്കൽ, നീതിന്യായ നടപ്പാക്കൽ, ക്രമസമാധാന പരിപാലനം എന്നിങ്ങനെയുള്ള കാര്യങ്ങളൊഴിച്ചു് വികസനപരമായ എല്ലാ പ്രവർത്തനങ്ങളും, കൃഷി, ആരോഗ്യസംരക്ഷണം മുതലായ വികസന പ്രവർത്തനങ്ങളുടെ എല്ലാ കാര്യങ്ങളും ഇത്തരത്തിലുള്ള സമിതികളെ ഏല്പിക്കണമെന്ന ഒരു സമീപനമാണു് ഇതിൽ കാണുന്നതു്. ആ സമീപനവുമായിട്ടു് യാതൊരു പൊരുത്തവും നമ്മുടെ ഈ ബില്ലിൽ കാണുന്നില്ലെന്നുള്ളതാണു് എനിക്കു് പ്രധാനമായി ചൂണ്ടിക്കാണിക്കാനുള്ളതു്. ഒരു സംഗതി ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണു്, അതു് ബഡ്ജറ്റു് തയ്യാറാക്കുന്നതിനെ സംബന്ധിച്ചാണു്. പഞ്ചായത്തു യൂണിയൻ കൗൺസിലുകൾക്കു് ഈ ബില്ലിൽ എന്തു അധികാരമാണു് കൊടുത്തിരിക്കുന്നതു്? ബഡ്ജറ്റിന്റെ കരടു് ആദ്യം ഡവലപ്പ്മെൻറു് ആഫീസർ തയ്യാറാക്കണം. അങ്ങനെ കരടു് തയ്യാറാക്കിയിട്ടു് അതു് മേലുദ്യോഗസ്ഥന്മാർക്കു് അയച്ചുകൊടുക്കണം. അങ്ങനെയെല്ലാം പരിശോധിച്ചുകഴിഞ്ഞതിനുശേഷം അതിൽ ആവശ്യമുള്ള തിരുത്തുകൾവരുത്തി തിരിച്ചു കൗൺസിലുകൾക്കു് അയച്ചുകൊടുക്കും. കൗൺസിൽ ചർച്ചചെയ്തു പാസ്സാക്കി അയയ്ക്കണം. അങ്ങനെ പാസ്സാക്കുന്ന അവസരത്തിൽ മേലുള്ള ഉദ്യോഗസ്ഥന്മാർ കൊടുത്തിട്ടുള്ള എന്തെങ്കിലും നിർദ്ദേശത്തിനു വിപരീതമായി അഭിപ്രായം കൗൺസിലിനു ഉണ്ടാകുകയാണെങ്കിൽ എന്താണു് ചെയ്യേണ്ടതു്? അതു നടപ്പിലാക്കുക എന്നുള്ളതല്ല, നേരെമറിച്ചു് കളക്ടർക്കു് റഫർചെയ്തു, കളക്ടർ കൊടുക്കുന്ന തീർപ്പിനു വഴങ്ങി നടപ്പിൽ വരുത്തണമെന്നാണു് പറയുന്നതു്. ഈ നടപടിക്രമത്തിന്റെ ആകെത്തുക എന്താണു്? മൊത്തത്തിൽ ഇതിന്റെ ഫലം എന്താണെന്നു ചോദിച്ചാൽ വാസ്തവത്തിൽ ഈ ബഡ്ജറ്റു് അംഗീകരിക്കുന്ന കാര്യത്തിൽ പോലും പഞ്ചായത്തു യൂണിയൻ കൗൺസിലുകൾക്കു് യാതൊരു അധികാരവുമില്ല എന്നാണു്. ഡവലപ്പ്മെൻറു് ആഫീസർ ബഡ്ജറ്റു തയ്യാറാക്കണമെന്നാണു് പറയുന്നതു്. ഇതുകൊണ്ടു മാത്രമാണെങ്കിൽ തരക്കേടില്ല. ഈ ഉദ്യോഗസ്ഥൻ മാത്രം ബഡ്ജറ്റു് തയ്യാറാക്കിയാൽ പോരാ. പിന്നെയോ അദ്ദേഹത്തിന്റെ മുകളിലുള്ള ഉദ്യോഗസ്ഥന്റെ അപ്രൂവൽകൂടി കിട്ടണം. എന്നിട്ടു് രണ്ടാമതു വല്ല അഭിപ്രായവ്യത്യാസവുമുണ്ടെങ്കിൽ ഉടനെ കളക്ടർക്കു് റഫർ ചെയ്യണം. എന്തിനു ഈ ബുദ്ധിമുട്ടൊക്കെ വരുത്തുന്നു? അതു കളക്ടർതന്നെ നടപ്പിൽ വരുത്തിയാൽപോരേ? ബഡ്ജറ്റു



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

തയ്യാറാക്കലും, ചർച്ച ചെയ്യലും, കുറെ ആളുകളും കൂടിയിരുന്ന വർത്തമാനം പറച്ചിലുമൊക്കെ പിന്നെ എന്തിനാണു്? പക്ഷേ നമ്മുടെ പഞ്ചായത്തു് ആക്ടിൽ അങ്ങനെയുള്ള വ്യവസ്ഥയല്ല കാണുന്നതു്. ഓരോ വ്യവസ്ഥയും പഞ്ചായത്തു് ആക്ടിലുണ്ടായിരുന്നതിനേക്കാളും പ്രതിലോമപരമായി പോയിരിക്കുകയാണു്. പഞ്ചായത്തു് ആക്ടിലെ 78–ാംവകുപ്പിൽ പറയുന്നതു്, ഇങ്ങനെയാണു്.

"78 (2) ബഡ്ജറ്റിൽ വേണ്ടതു് വകയിരുത്തിയിട്ടില്ലെന്നു് ഡപ്യൂട്ടി ഡയറക്ടർ ബോദ്ധ്യമായാൽ അപ്രകാരം വകയിരുത്തുന്നതിനു് ആവശ്യമായ രീതിയിൽ അതു ഭേദപ്പെടുത്തുന്നതിനു് അദ്ദേഹത്തിനധികാരമുണ്ടായിരിക്കുന്നതും അതിൽ ചെയ്യേണ്ടുന്ന ഭേദഗതികളും സംബന്ധിച്ചുള്ള തന്റെ അഭിപ്രായങ്ങളോടുകൂടി അദ്ദേഹം അതു കാര്യനിർവ്വഹണാധികാരസ്ഥനു് തിരിച്ചയക്കേണ്ടതുമാണു്. പഞ്ചായത്തു് ആ അഭിപ്രായങ്ങളും പരിഗണിച്ചു് യുക്തമെന്നതോന്നുന്ന ഭേദഗതികളോടുകൂടി ബഡ്ജറ്റു് പാസ്സാക്കേണ്ടതാകുന്നു."

ഡപ്യൂട്ടി ഡയറക്ടരുടെ അഭിപ്രായങ്ങളെല്ലാം അംഗീകരിച്ചുകൊള്ളണമെന്നല്ല പഞ്ചായത്തു് ആക്ടിൽ പറയുന്നതു്. ഡപ്യൂട്ടി ഡയറക്ടരുടെ നിർദ്ദേശംകൂടി പരിഗണിച്ചു് പഞ്ചായത്തുകളും യുക്തമായിട്ടുള്ള ഭേദഗതി ചെയ്യണമെന്നാണു് പഞ്ചായത്തു് ആക്ടിലെ 78–ാം വകുപ്പിൽ രണ്ടാമത്തെ ഉപവകുപ്പിൽ പറയുന്നതു്. പഞ്ചായത്തിനു് യുക്തമായിട്ടുള്ള ഭേദഗതി ചെയ്യാമെന്നു് പറഞ്ഞാൽ ഉദ്യോഗസ്ഥന്മാർക്കുള്ള മുഴുവൻ അധികാരങ്ങളും അവിടെ തീരെ അവഗണിക്കുന്നില്ല. അവർക്കു് കൂടുതൽ പരിചയസമ്പത്തുണ്ടു്, അവർക്കു് കൂടുതൽ ഈ കാര്യങ്ങളെ സംബന്ധിച്ചു് സാങ്കേതികമായിട്ടുള്ള അറിവുണ്ടു് ഈ കാര്യങ്ങളെല്ലാം വകവച്ചുകൊടുത്തിട്ടുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകാൻ അധികാരമുണ്ടു്. ആ നിർദ്ദേശങ്ങളും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളും പരിഗണിക്കണമെന്ന മാത്രമേ നിർബന്ധിക്കുന്നുള്ളൂ. അങ്ങനെയുള്ള ഒരു സമീപനമാണു് പഞ്ചായത്തു് ആക്ടിൽപോലും കാണുന്നതു്. ഈ ബിൽ പരിശോധിക്കുകയാണെങ്കിൽ ചുരുക്കത്തിൽ പഞ്ചായത്തുകൾക്കു് കൊടുത്തിട്ടുള്ള അധികാരംപോലും എടുത്തുകളയുകയാണു് ചെയ്യുന്നതു്. ഈ സമീപനം തെറ്റാണെന്നാണു് എനിക്കു് പറയുവാനുള്ളതു്. അതുകൊണ്ടു് ഈ കാര്യത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങളും ഈ ബില്ലിൽ വരുത്തേണ്ടതായിട്ടുണ്ടു്.

ജില്ലാ പരിഷത്തിന്റെ കാര്യം എടുക്കാം. അതിൽ വളരെ വ്യക്തമായി പറയുന്നുണ്ടു്, അതൊരു വെറും ഉപദേശകസമിതി മാത്രമാണെന്നു്. നാമിന്നേവരെ ചെയ്തിട്ടുള്ള വികസനസമിതി അല്ലെങ്കിൽ ഉപദേശകസമിതി മാത്രമാണെന്നു് പറയുന്നുണ്ടു്. ഇതിൽ ഗവണ്മെന്റു് യാതൊരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ പിന്നെ അതിനു സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള, നിയമപ്രാബല്യം കൊടുക്കാനുള്ള ബിൽ എന്തിനു പാസ്സാക്കുന്നു എന്നു എനിക്കു് മനസ്സിലാകുന്നില്ല. ഇപ്പോൾ നടക്കുന്നതുപോലെ നടന്നുകൊള്ളട്ടെ. ഗവണ്മെന്റിനു് ഏതെങ്കിലും കാലത്തു് കൂടുതൽ അധികാരം നൽകാനുള്ള ഉദ്ദേശമുണ്ടാകുകയാണെങ്കിൽ ആ കാലത്തു് ഒരു നിയമനിർമ്മാണം നടത്തിയാൽമതി. ഇപ്പോൾ ഇതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. 69-ാംവകുപ്പും 73–ാംവകുപ്പും നോക്കുകയാണെങ്കിൽ വ്യക്തമായും ഈ സംഗതികളും കാണാൻ സാധിക്കും. ഇതിലെ 69–ാം വകുപ്പിൽ പറയുന്നതു് ഇതൊരു ഉപദേശകസമിതിയാണെന്നാണു്. അതുപോലെതന്നെ ഇതിന്റെ ചുമതലയെപ്പറ്റി വിവരിക്കുന്ന അവസരത്തിൽ,

> 'The parishad shall advice the Government on all matters concerning the activities of the local authorities in the District, as well as on all matters relating to the development of the economic resources of the District and the services maintained therein for promoting the culture and welfare of the inhabitants of the District.'

LIBRARY ARCHIVES Kerala Legislative Assembly

ഈ തരത്തിലാണ് പറഞ്ഞിരിക്കുന്നത്. 78–ാം വകുപ്പിലാണെങ്കിലോ ജനറൽപവ്വർ ആഫ് പരിഷത്തു് എന്നുള്ളതിൽ വളരെ അവ്യക്തമായി കാര്യങ്ങൾ പറയുന്നുണ്ട്. അതു് കഴിഞ്ഞിട്ടു് പറയുന്നതു്

'For the purpose of efficiently performing its functions under this Act, every Parishad may, within the limits of its jurisdiction— (a) undertake such measures as it deems necessary : (b) collect such data as it deems necessary ; വിവരം ശേഖരിക്കുക എന്നാണു്.

അങ്ങനെയുള്ള വിവരങ്ങൾ ശേഖരിച്ചു് സമാഹരിച്ചു് പ്രസിദ്ധീകരിക്കുക

(c) publish statistics or other information relating to the various aspects of the regulation or development of the activities of local authorities in the District ;

എന്നുകൂടി പറയുന്നുണ്ടു്. ഇങ്ങനെ വിവരങ്ങൾ ശേഖരിക്കുക, ശേഖരിച്ച വിവരങ്ങൾ സമാഹരിച്ചു് പ്രസിദ്ധീകരിക്കുക ഇതിനുള്ള അധികാരം കളക്ടർക്കും മറ്റു ഉദ്യോഗസ്ഥന്മാർക്കും ഉണ്ടു്. അവരതു ചെയ്താൽമതി. ഇങ്ങനെയുള്ള സ്വയംഭരണസ്ഥാപനങ്ങളൊന്നും ആവശ്യമില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഈ കാര്യത്തിലും ഗവണ്മെൻറു് ഇതിനു മുൻപുള്ള കമ്മിറ്റികളുടെ റെക്കമെൻറേഷൻസൊന്നും പരിഗണിച്ചിട്ടില്ല. രണ്ടു കമ്മിറ്റികളുടെയും റെക്കമെൻറേഷൻസു് പരിഗണിച്ചിട്ടില്ലെന്നു് ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. ഒന്നു് ബൽവന്തറായ്മേത്താ കമ്മിറ്റിയുടെ റിപ്പോർട്ടു തന്നെ. ആ കമ്മിറ്റി തന്നെയും പഞ്ചായത്തു സമിതികൾക്കല്ലാതെ ജില്ലാ പരിഷത്തുകൾക്കു് വിപുലമായ അധികാരം കൊടുക്കണമെന്നു പറഞ്ഞിട്ടില്ല. അവർ ഈ കാര്യത്തിൽ വളരെ സൂക്ഷിച്ചു മാത്രമേ പറഞ്ഞിട്ടുള്ളു. ചില അധികാരങ്ങൾ കൊടുക്കണമെന്നു മാത്രമേ ആ കമ്മിറ്റി പറഞ്ഞിട്ടുള്ളു. അത്രത്തോളമെങ്കിലും കൊടുക്കാൻ നമ്മുടെ ഗവണ്മെൻറു് ഈ ബില്ലിൽ മുതിർന്നിട്ടില്ലെന്നാണു് കാണുന്നതു്. ബൽവന്തറായ്മേത്താ കമ്മിറ്റിയുടെ റിപ്പോർട്ടിൽ വാല്യം (1) 19-ാം പേജിൽ വിപുലമായ അധികാരങ്ങൾ പഞ്ചായത്തു സമിതികൾക്കു് കൊടുത്തതുപോലെ അത്ര വിപുലമായി പരിഷത്തുകൾക്കു് കൊടുക്കണമെന്നു് ഞങ്ങൾക്കഭിപ്രായമില്ല എന്നു പറഞ്ഞുകഴിഞ്ഞതിനുശേഷം അവർ പറയുന്നതു് ഞാൻ വായിക്കാം.

'Some of the functions of the Parishad have already been indicated ; for instance, it will examine and approve the budgets of the Panchayat Samitis'.

അതിന്റെ കീഴിലുള്ള പഞ്ചായത്തുസമിതികൾക്കു് ബഡ്ജറ്റുകൾ പരിശോധിച്ചു അംഗീകരണം നൽകുക, അതുപോലെ

'Where funds are allotted by the Government for the district as a whole, their distribution between the various Blocks will be made by the Parishad ; it will coordinate and consolidate the block plans, annual as well as quinquennial ; where grant for special purposes are intended or demanded by Panchayat samitis, these also will be consolidated and forwarded to the Government by the Parishad. It will also generally supervise the activities of the panchayat samiti. It will also replace the present District planning Committee'.

ഇങ്ങനെയുള്ള പല അധികാരങ്ങളും കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടു്.

കേവലം ഉപദേശപരമായ ചുമതലമാത്രമല്ല ഈ പരിഷത്തുകൾക്കുള്ളതെന്നു വ്യക്തമായിപറയുന്നുണ്ടു്. നമ്മുടെ മരണപരിഷ്കാരക്കമ്മിറ്റിയുടെ ശുപാർശ പരിശോധിക്കുമ്പോൾ ഇതിൽനിന്നു വളരെ മുന്നോട്ടു പോയിട്ടുള്ള ഒരു ശുപാർശ കാണാം. കേവലം പരിമിതമായിട്ടുള്ള അധികാരങ്ങൾ കൊടുക്കണമെന്നല്ല, പഞ്ചായത്തു സമിതികൾക്കുള്ളതുപോലെതന്നെ വളരെ വിപുലമായ അധികാര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

ങ്ങളും കൊടുത്തുകൊണ്ട് എല്ലാ ചുമതലകളും ഏറ്റെടുത്തു നടപ്പിൽ വരുത്താവുന്ന സമിതിയായിട്ടുവേണം ജില്ലാപരിഷത്തുകളും രൂപീകരിക്കുക എന്നുള്ള അഭിപ്രായമാണ് ഭരണപരിഷ്കാരക്കമ്മിറ്റി രേഖപ്പെടുത്തിയിട്ടുള്ളത്. ഭരണപരിഷ്ക്കാരക്കമ്മിറ്റിറിപ്പോർട്ട് വാല്യം–I 68–ാം പേജിൽപറയുന്ന ഒരു വാചകം ഞാൻ വായിക്കാം.

'Having carefully considered the matter in all its aspects we are of the view that the establishment of the District Councils with the responsibility for taking decision and implementing them with the required finances and control over the executive machinery is a necessary and desirable reform.'

ഇതു് വളരെ ദൂരവ്യാപകമായിട്ടുള്ള ഫലങ്ങളും ഉളവാക്കുന്ന ഒരു ശുപാർശയാണു്. അതുകൊണ്ടു് പെട്ടെന്നു നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മൂന്നു സ്റ്റേജായിട്ടു് നടപ്പിൽ വരുത്തണം എന്നു പറഞ്ഞുകൊണ്ടു് അതിന്റെ വിശദാംശങ്ങളും ആ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഏതായാലും, എനിക്കു ചൂണ്ടിക്കാണിയ്ക്കാനുള്ളതു് നമ്മുടെ ഭരണപരിഷ്കാരക്കമ്മിറ്റി റിപ്പോർട്ടിലാണെങ്കിലും ഡിസ്ട്രിക്റ്റ് കൗൺസിലുകൾക്കു് പല അധികാരങ്ങളും കൊടുക്കണമെന്നു പറയുന്നുണ്ടു്. ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളമുള്ള എല്ലാ അധികാരങ്ങളും ഏറ്റെടുത്തു നടപ്പിലാക്കാനുള്ള പരിപൂർണ്ണമായ അധികാരം വേണമെന്നു പറയുന്നുണ്ടു്. ബൽവന്ത്റായ്മേത്ത കമ്മിറ്റി റിപ്പോർട്ടിലാണെങ്കിൽ അത്രത്തോളമൊന്നും പോകുന്നില്ല. എന്നാൽ ആ കമ്മിറ്റി റിപ്പോർട്ടിൽ തന്നെയും കേവലം ഉപദേശകസമിതിയായിരുന്നാൽ പോരാ എന്നു വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ചില പരിമിതമായ അധികാരങ്ങളും നൽകണമെന്നു പറഞ്ഞിട്ടുണ്ടു്. ഈ ശുപാർശകളൊന്നും അംഗീകരിച്ചിട്ടില്ല. നേരെമറിച്ചു് ഉപദേശകസമിതി എന്നുള്ള നില മാത്രമാണു് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഗവണ്മെന്റിനു് ജില്ലാനിലവാരത്തിൽ വികേന്ദ്രീകരണം ആവശ്യമില്ല, ജനാധിപത്യവികേന്ദ്രീകരണം ആവശ്യമില്ല എന്നു് ദൃഢമായ അഭിപ്രായമുണ്ടെങ്കിൽ ഈ ബില്ലിൽനിന്നു് ഈ അദ്ധ്യായം തന്നെ എടുത്തുമാറ്റണം. ഈ അദ്ധ്യായത്തിന്റെയാതൊരാവശ്യവുമില്ല. ഇന്നു നടക്കുന്നതുപോലെതന്നെ നടക്കട്ടെ. എം. എൽ. എ. മാരുണ്ടു്, എം പി. മാരുണ്ടു് അവർക്കു് അഭിപ്രായം പറയാനുള്ള അവകാശമുണ്ടു്. കൂടുതൽ പരാതിക്കോ, വിമർശനത്തിനോ ഒന്നും യാതൊരു പ്രസക്തിയുമില്ല. അങ്ങനെ മതി എന്നു തീരുമാനിക്കുന്നതാണു് നല്ലതു്. അല്ലാതെ തിരഞ്ഞെടുക്കപ്പെട്ടസമിതി ഉണ്ടായിനിയമപരമായി രൂപം കൊടുത്തിട്ടു് എല്ലാം വന്നുകഴിഞ്ഞശേഷം അവസാനം ഫലമൊന്നുമില്ല പണ്ടത്തെമാതിരി കളക്ടർക്കും മറ്റു ഉദ്യോഗസ്ഥന്മാർക്കും ഇഷ്ടംപോലെ ചെയ്യാമെന്നുള്ള നിലവരുകയാണെങ്കിൽ അതു വളരെയധികം കുഴപ്പത്തിൽ ചെന്നുചാടുമെന്നാണു് തോന്നുന്നതു്. അതുകൊണ്ടു് ഞാൻ ആ ഭാഗത്തെ പരിപൂർണ്ണമായിട്ടും എതിർക്കുകയാണു്. ഒന്നുകിൽ ഗവണ്മെന്റു വികേന്ദ്രീകരണമെന്നുള്ള തത്ത്വം സ്വീകരിച്ചുകൊണ്ടു് അതിനാവശ്യമായ നടപടികളും ഈ ബില്ലിൽ എഴുതിച്ചേർക്കണം. അല്ലെങ്കിൽ ഇപ്പോഴും ഇരിക്കുന്നതുപോലെതന്നെ തുടരുന്നു കൊള്ളട്ടെ.

ഇനി പഞ്ചായത്തുകൗൺസിലുകളിലേക്കുള്ള തിരഞ്ഞെടുപ്പു സംബന്ധിച്ചു് ചില അഭിപ്രായങ്ങളും ഉള്ളതു് ബഹുമാനപ്പെട്ട സെലക്ടുകമ്മിറ്റിയുടെ അഭിപ്രായത്തിനായി വയ്ക്കാം. ഇതിൽ പഞ്ചായത്തുസമിതികളും നേരിട്ടല്ലാതെയുള്ള തിരഞ്ഞെടുപ്പിൽ കൂടി നിലവിൽ വരണമെന്നാണു് പറഞ്ഞിരിക്കുന്നതു്. എന്റെ അഭിപ്രായമാണെങ്കിൽ, തീർച്ചയായിട്ടും, താഴെയുള്ള നിലവാരത്തിൽ പഞ്ചായത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പു് പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഉള്ളതായതുകൊണ്ടു് ഇപ്രകാരമുള്ള സമിതിയിലേക്കു് നേരിട്ടല്ലാതെയുള്ള തിരഞ്ഞെടുപ്പു് നടത്തുന്നതിനു് വിരോധമില്ല എന്നാണു്. എം. എൽ. എ. മാർക്കു് എല്ലാംതന്നെ അസോഷിയേറ്റഡ് മെമ്പർഷിപ്പു് കൊടുത്തിട്ടുണ്ടു്. അതിനെസംബന്ധിച്ചു് ഇവിടെ അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കുകയുണ്ടായി. എന്റെ വ്യക്തിപരമായ അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

അസോഷിയേറ്റഡ് മെമ്പർഷിപ്പ് മതിയെന്നാണ്. എന്തുകൊണ്ടാണെന്നുവച്ചാൽ നമ്മൾ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. എം. എൽ. എ. മാരായിട്ട് തിരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക് തീർച്ചയായിട്ടും ഭരണകാര്യങ്ങളിൽ കൂടുതൽ പരിചയവും കൂടുതൽ അധികാരവും ഉണ്ടായിരിക്കണം എന്നെല്ലാം സ്വാഭാവികമായി ആഗ്രഹം ഉണ്ടായിരിക്കും. പക്ഷേ അതേ സമയത്ത് ജനാധിപത്യം നമ്മുടെ രാജ്യത്തു വേരുറച്ച് സുശക്തമായവിധത്തിലായിത്തീരണമെങ്കിൽ എം. എൽ. എ. മാരും, എം.പി. മാരുംമാത്രം ഈ സമിതിയിൽ പോരാ ആയിരക്കണക്കിനുള്ള ജനാധിപത്യസ്ഥാപനങ്ങളിൽപ്രവർത്തിച്ച് പരിചയസമ്പന്നന്മാരായ പൊതുപ്രവർത്തകന്മാർ വേണം. അതിനു് ബുദ്ധി പൂർവ്വം പ്രവർത്തിക്കേണ്ടതായിരിക്കുന്നു. അതുകൊണ്ട് പഞ്ചായത്തുകളിലും, പഞ്ചായത്തു സമിതികളിലും ഡിസ്ട്രിക്റ്റ് ഡെവലപ്പുമെന്റു കൗൺസിലുകളിലും എല്ലാ നിലവാരത്തിലും എം. എൽ. എ. മാക്ക് പ്രാതിനിധ്യം വേണം വോട്ടവകാശം വേണം. അവരുടെ അഭിപ്രായങ്ങളും നടപ്പിൽ വരണമെന്നുള്ള വാശിപിടിക്കേണ്ട ആവശ്യമില്ല. ജില്ലാകൗൺസിലിലോ ഒക്കെ മതി അവരുടെ പ്രവർത്തനങ്ങളും. അതിനുതാഴെ ഈ സമിതികളിലുംമറ്റും ഹാജരാകുന്നതിനും ചർച്ചചെയ്യുന്നതിനും അവകാശം ഉണ്ടായിരിക്കണം, അതുകൊണ്ട് തൃപ്തിപ്പെടണം. മറ്റുള്ള കാര്യങ്ങളും നടത്താൻ അവിടെയുള്ള താഴ്ന്ന നിലവാരത്തിലുള്ള ആളുകൾക്ക് കൂടുതൽ അവസരം കൊടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇതിനെസംബന്ധിച്ച് ഇത്രമാത്രമേ എനിക്കു പറയുവാനുള്ളൂ. ജില്ലാ പരിഷത്തിലേക്കു വരുമ്പോഴും നേരിട്ടല്ലാതെയുള്ള തിരഞ്ഞെടുപ്പ് എന്നുപറഞ്ഞാൽമാത്രം പോരാ രണ്ടുമൂന്നു പടവുകഴിഞ്ഞു വരുന്ന ആളുകളാണ് അതിലുള്ളതു്. ജനങ്ങൾ തിരഞ്ഞെടുക്കുന്ന ആളുകൾ പഞ്ചായത്തു മെമ്പറന്മാരാണ്, പഞ്ചായത്തു മെമ്പറന്മാർ തിരഞ്ഞെടുക്കുന്ന ആളുകൾ പഞ്ചായത്തു പ്രസിഡൻറന്മാരാണ്. പഞ്ചായത്തു പ്രസിഡൻറന്മാരാണ് പഞ്ചായത്തു കൗൺസിൽ മെമ്പറന്മാരായിട്ട് അംഗീകരിക്കപ്പെടുന്നതു്. പിന്നെ അവിടെനിന്നും മുകളിലോട്ടവന്നു് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരാണ് ജില്ലാ പരിഷത്തിലെ അംഗങ്ങളായിത്തീർന്നിരിക്കുന്നതു്. ഇങ്ങനെ പല പടികൾ കയറിമറിഞ്ഞിട്ട് വരുന്ന സംപ്രദായം ശരിയാണോ എന്നു് എനിക്ക് സംശയമുണ്ട്. രണ്ടാമതു് ഇതിനെസംബന്ധിച്ച് മൗലികമായ ഒരു കാര്യം പറയാനുള്ളതു് ഞാൻ മുമ്പു പറഞ്ഞതുപോലെ വിപുലമായ അധികാരങ്ങളോടുകൂടി ഡിസ്ട്രിക്ട്കൗൺസിൽ സ്ഥാപിക്കുകയാണെങ്കിൽ തീർച്ചയായും നേരിട്ടു തിരഞ്ഞെടുപ്പ് നടത്തണം എന്നുതന്നെയാണ്. ഞാൻ വിശേഷം ചെയ്യുന്നമാതിരിയുള്ള ജില്ലാകൗൺസിൽ നിലവിൽ വരുകയാണെങ്കിൽ തീച്ചയായും തിരഞ്ഞെടുപ്പുനടത്താൻ സന്നദ്ധമാകണം. തിരഞ്ഞെടുപ്പുനടത്താൻ ഗവണ്മെൻറു സന്നദ്ധമാകുമെങ്കിൽ അധികാരങ്ങളും കൗൺസിലിനു നൽകാൻ ഗവണ്മെൻറ് സന്നദ്ധമാകണം. ഇതുരണ്ടും ചെയ്യാൻ തയ്യാറില്ലെങ്കിൽ ഈ കൗൺസിൽ തിരഞ്ഞെടുക്കുകയും വേണ്ട. സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള ഭരണവും വേണ്ട ഇപ്പോഴുള്ള കൗൺസിൽ മതി. എല്ലാം മുമ്പത്തെപ്പോലെ നടത്തിയാൽ മതി.

സർ, ഇനി ടാക്സേഷനെ സംബന്ധിച്ചുള്ള കാര്യങ്ങളംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. പഞ്ചായത്തുകൗൺസിലിനു് നികുതി പിരിക്കാനുള്ള അവകാശം കൊടുത്തിട്ടുണ്ട്. അതിലൊന്നു് ലാൻറ്സെസ്സാണ്, ഭൂമിയിൽനിന്നു് നികുതി പിരിക്കാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. 53-ാം വകുപ്പുപ്രകാരം ബേസിക് ടാക്സ് പിരിവിൽ ഒരു രൂപയ്ക്ക് 50 n.p. പിരിക്കാനുള്ള അധികാരം കൊടുത്തിരിക്കുന്നു. ഇപ്പോഴും നമ്മുടെ പഞ്ചായത്താക്ട് നോക്കുകയാണെങ്കിൽ ഇതുപോലുള്ള സെസ്സ് പിരിക്കാൻ പഞ്ചായത്തുകൾക്കും അധികാരം കൊടുത്തിട്ടുണ്ട്. അതിൽ പറയുന്നപ്രകാരം 5 സെൻറിനു് 2 നയാപൈസ വീതം ഒരേക്കറിനു് 40 നയാപൈസവരും. ഇതു് ബേസിക് ടാക്സിനു പുറമേയാണ്. ഇങ്ങനെ നോക്കുകയാണെങ്കിൽ ഭൂമിയുടെമേൽ വരുന്ന നികുതി വളരെയധികം വർദ്ധിക്കുന്നുള്ളതിനു് യാതൊരു തടസ്സവുമില്ല. ഇപ്പോഴും ബേസിക് ടാക്സ് നിയമപരമല്ല എന്നുള്ള ബുദ്ധിമുട്ടുകൊണ്ട് പിരിക്കാതിരിക്കുകയാണ്. ഗവണ്മെൻറു് താമസിയാതെ നടപടികൾ പൂർത്തിയാക്കി ബേസിക് ടാക്സ് പിരിച്ചു തുടങ്ങും. ഗവണ്മെൻറിൽനിന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

ബേസിക് ടാക്സ് 2 രൂപ അഡീഷനൽ ടാക്സ് 2 രൂപ ഇങ്ങനെ ഏക്കറിന് 4 രൂപ വരുന്നു. ഇതിനു പുറമെയാണ് ഈ പറയുന്ന ലാൻറ് സെസ്സ്. പഞ്ചായത്തു സെസ്സ് 49 നയാപൈസ പഞ്ചായത്തുയൂണിയൻ കൗൺസിലിൻറെ പ്രത്യേക സെസ്സ്. രൂപാസ്സ് 50 നയാപൈസ. എല്ലാംകൂടി ആകെ 50 രൂപ 40 നയാപൈസ ഒരേക്കർ ഭൂമിയിൽതന്നെ നികുതി വരുവാൻപോവുകയാണ്. ഈനികുതികളൊക്കെത്തന്നെ നിലനിറുത്താൻ പോവുകയാണെങ്കിൽ ഭൂവുടമസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ദുർവാഹമായിട്ടുള്ള ഒരു ഭാരമായിത്തീരുകയും അതു് ശക്തിയായിട്ടുള്ള എതിർപ്പിനു് കാരണമാകുകയും ചെയ്യുമെന്നു പറയുന്നതു് ഞാനാഗ്രഹിക്കുകയാണ്. ഇതിനെല്ലാം പുറമേ പഞ്ചായത്തു യൂണിയൻ കൗൺസിൽ ആക്ടിൽ സർച്ചാജ്ജിനുകൂടി പ്രൊവിഷനുണ്ട്. ലാൻറു സെസ്സിനു മുകളിലാണ് ഈ സർച്ചാർജ്ജ് ഈടാക്കുന്നതു്. പിരിഞ്ഞ തുകയ്ക്കനുസരിച്ച് മാച്ചിംഗ് ഗ്രാൻറു കൊടുക്കുമെന്നു് ഗവണ്മെൻറിൽനിന്നു് വ്യക്തമാക്കിയിട്ടുണ്ട് ഇതു് കൂടുതൽ പിരിക്കാനുള്ള പ്രോത്സാഹനമാണ് കൊടുക്കുന്നതു്. പിന്നെ ഇതിനു പുറമെ ഡ്യൂട്ടിഓൺ ട്രാൻസ്ഫർ ആഫ് പ്രോപ്പർട്ടി. ഈ കാര്യത്തിൽ എനിക്കു് സംശയം തോന്നുന്നു. സ്ഥാവരവസ്തുക്കളിന്മേലുള്ള നികുതിയെ സംബന്ധിച്ച് പഞ്ചായത്താക്ടിലുള്ള വകുപ്പും ഇന്നത്തെ യൂണിയൻകൗൺസിലിലുള്ള വകുപ്പും ഒന്നാണു്. അപ്പോഴും വ്യത്യാസമെന്താണെന്നു് മനസ്സിലാകുന്നില്ല. പഞ്ചായത്തും നികുതിപിരിക്കണം, യൂണിയൻ കൗൺസിലും നികുതി പിരിക്കണം എന്നാണോ? അതോ ഒന്നു നികുതി പിരിച്ചാൽ മറ്റതു് പിരിക്കണ്ടാ എന്നു് നിർദ്ദേശം കൊടുക്കാനാണോ ഉദ്ദേശിക്കുന്നതു്. രണ്ടിലും ഓരേ സംപ്രദായവും ഒരേ തത്വവുമാണു് സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ ; യൂണിയൻ കൗൺസിലിനു പിരിക്കാൻ അധികാരമുള്ള നികുതി പഞ്ചായത്താക്ടറനുസരിച്ച് പഞ്ചായത്തിനും പിരിക്കാനുള്ള പ്രൊവിഷനില്ലേ ?

ശ്രീ. സി. അച്യുത മേനോൻ: ഉണ്ടു്. ഇതിലൊരു വകുപ്പുണ്ടു്. കഴിഞ്ഞ ദിവസം മൂണ്ടിക്കാണിച്ച വകുപ്പു് പഞ്ചായത്തു യൂണിയൻ കൗൺസിലിനു കൂടുതൽ അധികാരങ്ങളും കൊടുക്കാനുള്ളതാണു്. നേരേമറിച്ചൊരു വകുപ്പുണ്ടു്. ആ വകുപ്പു് കേരള പഞ്ചായത്താക്ടറിൽ പാസ്സാക്കി വച്ചിരിക്കുന്നതു് എന്തുതന്നെയായാലും ആ അധികാരങ്ങളും എടുത്തുകളയാനുള്ള വകുപ്പു് ആണു്. ശ്രീ. നാരായണൻ നമ്പ്യാർ ചോദിച്ചമാതിരി രണ്ടാക്ടറിലും പുതുതായിട്ടുള്ള അധികാരങ്ങളും വകുപ്പുകളിൽ കാണുന്നുണ്ടെങ്കിൽ അതിൻറെ ഉദ്ദേശം തീർച്ചയായിട്ടും പഞ്ചായത്താക്ടറിൽ ഇന്നു കൊടുത്തിട്ടുള്ള അധികാരങ്ങളും പഞ്ചായത്തു് യൂണിയൻ കൗൺസിലിനു് നൽകണമെന്നാണു്. ഒരു പക്ഷേ അങ്ങനെയായിരിക്കാം ഗവണ്മെൻറു് വിചാരിക്കുന്നതു്. സ്ഥാവരവസ്തുക്കളിന്മേലുള്ള നികുതിയെ സംബന്ധിച്ചിടത്തോളം രണ്ടു് ആക്ടറിലും കാണുന്നതു് ഒരുപോലുള്ള വകുപ്പാണു്. പഞ്ചായത്തു പിരിക്കുന്ന നികുതിയുണ്ടു്. യൂണിയൻ കൗൺസിൽ പിരിക്കുന്ന നികുതിയുണ്ടു്, ഗവണ്മെൻറു പിരിക്കുന്ന നികുതിയുണ്ടു്, അതിനു പുറമേ എഡ്യൂക്കേഷൻ സെസ്സുപോലുള്ള മറ്റു നികുതികളുണ്ടു്. ഇങ്ങനെ പലതരത്തിലുള്ള നികുതികളും വരുകയാണെങ്കിൽ അതു് ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയധികം ഭാരമായിത്തീരും. പഞ്ചായത്തു് യൂണിയൻ കൗൺസിൽ ഉണ്ടാകുന്നതോടുകൂടി ജനങ്ങൾക്കു് എതിർപ്പു് വരാനാണു് ന്യായം. വളരെ കാര്യമായ അധികാരങ്ങളൊന്നും യൂണിയൻ കൗൺസിലിനു് കിട്ടാൻ പോകുന്നില്ല. അതെല്ലാം പണ്ടേപ്പോലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരും കളക്ടറുമാണു് നിർവ്വഹിക്കുന്നതു്. ഇങ്ങനെ അധികാരങ്ങളൊന്നും കിട്ടാതെ കൗൺസിൽ ഉണ്ടാക്കി എന്നുള്ള അടിസ്ഥാനത്തിൽ കൂടുതൽ നികുതി കൂട്ടേണ്ടിവരുമെന്നുള്ള അവസരത്തിൽ ജനങ്ങൾക്കു് ഉണ്ടാവുന്ന പ്രതികരണം അനുകൂലമായിരിക്കുകയില്ല. എനിക്കു പറയാനുള്ളതു് ഈ നികുതികൾ വീണ്ടുംവീണ്ടും ആവർത്തിച്ചു് പഞ്ചായത്തുകാർക്കു കൊടുത്തിട്ടുള്ളതിനു പുറമേ യൂണിയൻ കൗൺസിലിനുകൂടി കൊടുക്കുന്ന സംപ്രദായം നിറുത്തണം. ലാൻറു് സെസ്സ് പിരിക്കുന്നതിനുള്ള അധികാര.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ യൂണിയൻ കൗൺസിലിനു പാടില്ല യൂണിയൻ കൗൺസിലിനാണു് കൊടുക്കാനുദ്ദേശിക്കുന്നതെങ്കിൽ പഞ്ചായത്തിനു് കൊടുക്കാൻ പാടില്ല. ഏതായാലും ഒരു നികുതിമാത്രമേ ഉണ്ടാകാൻ പാടുള്ളൂ. എന്നുമാത്രമല്ല പൊതുവെ പറയുകയാണെങ്കിൽ യൂണിയൻ കൗൺസിലിനെ സംബന്ധിച്ചിടത്തോളം പുതിയ നികുതികളും പിരിക്കാനുള്ള അധികാരം കൊടുക്കേണ്ട എന്നാണു് എന്റെ അഭിപ്രായം. ഗവണ്മെന്റു കൊടുക്കുന്ന ഗ്രാന്റു കൊണ്ടു് വികസനപ്രവർത്തനങ്ങളും നിർവഹിക്കുവാൻ സാധിക്കുന്നതാണു്. ഞാൻ മനസ്സിലാക്കുന്നതു് കമ്മ്യൂണിറ്റി പ്രോജക്ട് വകുപ്പിലും. നാഷണൽ എക്സ്റ്റൻഷൻ വകുപ്പിലുമൊക്കെ ചെലവാക്കുന്ന പണംതന്നെ ഇത്തരത്തിലുള്ള വികസന കൗൺസിലുകളിൽക്കൂടി ചെലവാക്കണമെന്നാണു് ഉദ്ദേശമെന്നതു്. അല്ലാതെ പൊതുനികുതികളും പുതുതേണ്ട ആവശ്യമില്ല. ഇത്തരത്തിലുള്ള സമീപനം ഉണ്ടാവുകയാണെങ്കിൽ തീർച്ചയായിട്ടും ജനാധിപത്യ സ്ഥാപനങ്ങളോടു് ജനങ്ങൾക്കു് കൂടുതൽ അടുപ്പം ഉണ്ടാവുന്നതിനും, ജനങ്ങളുടെ പ്രീതി സമ്പാദിച്ചുകൊണ്ടു് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും സഹായമായിത്തീരും. നേരെമറിച്ചു് വളരെക്കൂടുതൽ അധികാരങ്ങളൊന്നും കൗൺസിലുകൾക്കു കൊടുക്കാതെ നികുതികൾമാത്രം പിരിക്കാനുള്ള അധികാരം ഉണ്ടായാൽ ജനങ്ങളിൽനിന്നു് വലിയ എതിർപ്പുണ്ടാവും, എം. എൽ. എ. മാർക്കു്, ടി. എ.യും മറ്റും കിട്ടാനാണു് എന്നുപറഞ്ഞു് ഞങ്ങളെയെല്ലാം ശപിക്കുകയും ചെയ്യും. ഞങ്ങൾക്കു് ഈ രാജ്യത്തു് നടക്കാൻപറ്റാത്ത പരിതസ്ഥിതി വരും. ഇതിൽനിന്നും ഞങ്ങളെ രക്ഷിക്കണേ എന്നുമാത്രമാണു് എനിക്കു പറയാനുള്ളതു്. അതുകൊണ്ടു് നികുതിയെസംബന്ധിച്ചിടത്തോളമുള്ള ആക്ടിലെ സമീപനത്തോടു് ഞാൻ യോജിക്കുന്നില്ല. ഗവണ്മെൻറിൽനിന്നു കൊടുക്കുന്ന ഗ്രാൻറുകൾകൊണ്ടതന്നെ അതിലെ ചെലവുകൾ നിർവഹിക്കാനുള്ള സമീപനം ഉണ്ടാകണം, അതിനുവേണ്ടി ഗവണ്മെൻറു് ഇന്നു കൊടുക്കുന്ന തുച്ഛമായ ഗ്രാൻറുകൾക്കുപകരം എന്തെങ്കിലും കാര്യമായ തരത്തിൽ ഗ്രാൻറുകൾ കൊടുക്കാനുള്ള കാര്യങ്ങൾ ചെയ്യണം.

കൂടുതൽ പണം ഇന്നതന്നെയുള്ള ഗവണ്മെൻറു വരുമാനത്തിൽനിന്നും കൊടുക്കാൻ ഏർപ്പാടുചെയ്യണം. കൂടുതൽ നികുതി പിരിക്കാനും കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കാനുമല്ല ശ്രമിക്കേണ്ടതു്. അങ്ങനെയാണെങ്കിൽ ഞാൻ അതിനെ എതിർക്കുകയാണു്. ഇന്നുള്ള പ്രവർത്തനങ്ങൾ, ഇന്നുള്ള വരുമാനംവച്ചു കൊണ്ടു് ഉദ്യോഗസ്ഥന്മാർ നടപ്പിൽ വരുത്തുന്നതിനേക്കാൾ കൂടുതലായി, കാര്യക്ഷമമായ രീതിയിൽ ജനങ്ങളെ സഹകരിപ്പിച്ചു് നടപ്പിലാക്കണമെങ്കിൽ, ജനപ്രതിനിധികൾക്കു കൂടുതൽ അധികാരം നൽകുന്ന ഒരു സമീപനം ഉണ്ടാകണം. അങ്ങനെയാണെങ്കിൽ ഗവണ്മെൻറു് ചെലവു ചെയ്യുന്ന രീതി മാറി പണം ഈ സമിതിയെ ഏൽപ്പിക്കണമെന്നാണു എന്റെ വ്യക്തമായ അഭിപ്രായം. അതുകൊണ്ടു് കൂടുതൽ നികുതി നിർദ്ദേശത്തിനുള്ള വ്യവസ്ഥകൾ ഒഴിവാക്കണമെന്നാണു് ഞാൻ ശക്തിയായി ആവശ്യപ്പെടുന്നതു്.

പൊതുവായി ഈ ബില്ലിനെസംബന്ധിച്ചിടത്തോളം എനിക്കു പറയേണ്ട കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. അവസാനമായി ഞാൻ ഒന്നുകൂടി തുടങ്ങിയിടത്തേക്കു മടങ്ങിവന്നുകൊണ്ടു് ചിലതു് ചുരുക്കമായി പറയാം. ഞാൻ മുമ്പു പൂങ്കിക്കാണിച്ചതുപോലെ, പഞ്ചായത്തുകൾക്കുപരിയായി പഞ്ചായത്തുസമിതികൾ, അവയ്ക്കു മീതെ പരിഷത്തു് ഇതാണു് നില. സമിതികൾക്കു് പരിമിതമായ ചില അധികാരങ്ങൾ കൊടുത്തിട്ടുണ്ടു്. അതിനുപരിയായി ജില്ലാപരിഷത്തുവരുന്നു. പരിഷത്തുകൾക്കു ഒരുഅധികാരവുമില്ലതാനും. ഈ സമീപനം അടിമുടി തെറ്റാണു്. ജനങ്ങളെ കൂടുതൽ സഹകരിപ്പിക്കണമെന്നുള്ള ഉദ്ദേശമാണെങ്കിൽ അതു് ഒട്ടുംതന്നെ നടപ്പിലാകാൻ പോകുന്നില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ജില്ലാ വികസന സമിതികൾ ജില്ലാ പരിഷത്തെന്നുപറയുകയാണെങ്കിൽ, പേരിനെ സംബന്ധിച്ചിടത്തോളം എനിക്കാക്ഷേപമൊന്നുമില്ല. അങ്ങനെയല്ല വേണ്ടതു്, തികച്ചും തിരഞ്ഞെടുക്കപ്പെടുകയും, ജില്ലയിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണമായ അധികാരം വഹിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളായിരിക്കണം. നിയമസമാധാന പരിപാലനവും റവന്യു പിരിവും വേണമെങ്കിൽ മാറ്റിവയ്ക്കാം. അതുകഴിച്ചുള്ള എല്ലാം ഏൽപ്പിക്കത്തക്ക അധികാരമുള്ള ഒരു സമിതിയായി രൂപീ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

കരിക്കണം. അത്തരത്തിലുള്ള മാറ്റം ജില്ലാപരിഷത്തിനെ സംബന്ധിച്ചിടത്തോളം ഉണ്ടാകണം. പഞ്ചായത്തു സമിതികളുടെ തിരഞ്ഞെടുപ്പു് സംപ്രദായം ഈ ബില്ലിൽ എഴുതിയിട്ടുള്ളതിനോടു് എനിക്കു് സാരമായ എതിർപ്പില്ല. എക്സിക്യൂട്ടീവു് ആഫീസറന്മാരെ പഞ്ചായത്തു സമിതികളുടെ മേൽ വാഴിക്കുമെന്നുള്ള സമീപനമാണു് തെറ്റു്. ഈ ഉദ്യോഗസ്ഥനേയും മറ്റു് ഉദ്യോഗസ്ഥന്മാരേയും പഞ്ചായത്തു സമിതികൾക്കു വിധേയമാക്കിത്തീർക്കുന്ന സമീപനം ഉണ്ടാകണം. അപ്പോഴേ തീർച്ചയായും സമൂലമായ പരിവർത്തനം ആഭാഗത്തും വേണമെന്നാണു് എന്റെ അഭിപ്രായം. അങ്ങനെ പാസ്സാക്കുന്നില്ലെങ്കിൽ ഈ ബിൽകൊണ്ടു് വലിയ മെച്ചമൊന്നും ഉണ്ടാകാൻ പോകുന്നില്ല. അങ്ങനെയുള്ള മാറ്റങ്ങളോടുകൂടി പാസ്സാക്കിയില്ലെങ്കിൽ ഇതിന്റെ ഫലമായി കുറെ നികുതി കൂടി വരുമെന്ന നിലയിൽ ഈ ബില്ലിനോടു ജനങ്ങൾക്കു് എതിർപ്പാണു് ഉണ്ടാകാൻ പോകുന്നതെന്നു് ഒന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

*Minister for Industries and Local Administration* (**Shri K. A. Damodara Menon**) : Sir, I have to make a request to the hon. Members. Not that I want the Members not to bring in their expressions and views on an important Bill, but on this Bill we have had very prolonged discussion for several days. We have been speaking on this Bill for several hours and so I would appeal to the Members that it must be possible for us to finish this Bill in this Session itself. We should not carry on the discussion to the next Session.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : കഴിഞ്ഞ ദിവസം ഞാൻ സംസാരിക്കാൻ ആവശ്യപ്പെട്ടപ്പോൾ പിന്നീടാകാമെന്നാണു് പറഞ്ഞതു് ഒരു ചാൻസു് എനിക്കുകൂടി തരണം.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള : ഭരണാധികാരം ജനങ്ങളുടെ കൈയിലേക്കു പകരുന്നതിനുദ്ദേശിച്ചാണു് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഡിസെൻട്രലൈസേഷൻഡെമോക്രസിയുടെ പരമമായ തത്ത്വമാണു്. ആതത്ത്വമനുസരിച്ചു് ഈ രാജ്യത്തെ ഭരണം ജനങ്ങളുടെ കൈയിലേക്കു പകരുന്നതിനാണു പഞ്ചായത്തു യൂണിയനും ജില്ലാ പരിഷത്തിനും അധികാരം നൽകുന്ന ബിൽ കൊണ്ടുവരുന്നതു്. പക്ഷേ ആ പരമോദ്ദേശത്തിനു് ഇതിന്റെ ചില വകുപ്പുകളും വളരെ വിരുദ്ധമായി കാണുന്നുണ്ടു്. ഈ ബില്ലിലെ 22-ാം വകുപ്പു് 3-ാം ഉപവകുപ്പിൽ പഞ്ചായത്തു കൗൺസിലിലെ മെമ്പറന്മാർക്കു് ആഫീസു് സമയത്തു് ഡെവലപ്പുമെന്റു് ആഫീസർക്കു് എഴുതിക്കൊടുത്തു് റിക്കാർഡുകളും കാണാൻ കഴിയുമെന്നു പറയുന്നുണ്ടു്. അതിന്റെ അടിയിൽതന്നെ പ്രൊവൈസോയിൽ പറയുന്നതു് ആ ഉദ്യോസ്ഥനു തോന്നുകയാണെങ്കിൽ അങ്ങനെ കാണിക്കാതിരിക്കാമെന്നാണു്.

> "Development Officer may for reasons given in writing refuse such access."

എന്നുപറഞ്ഞിട്ടുണ്ടു്. അങ്ങനെ അദ്ദേഹം അനുവദിച്ചില്ലെന്നു വന്നാൽ അതിന്മേൽ ഒരപ്പീലിനുള്ള വ്യവസ്ഥ ഈ ബില്ലിൽ കാണുന്നില്ല. അതിന്മേൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ചെയർമാനു നൽകേണ്ടതാണു്. അതു പോലെതന്നെ ഡവലപ്പുമെന്റു് ആഫീസർക്കു് അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതിനു് വളരെയധികം അധികാരങ്ങളും കൊടുത്തിട്ടുണ്ടു്. ഈ അധികാരങ്ങളും 40-ാം വകുപ്പുപ്രകാരം ഉപയോഗിക്കുകയാണെങ്കിൽ ആ ഉദ്യോഗസ്ഥൻ ഒരു ഏകാധിപതിയായിത്തീരുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. അത്രവളരെ അധികാരം ഈ ഉദ്യോഗസ്ഥന്മാർക്കു കൊടുക്കുന്നതു ശരിയല്ല. ചാപ്റ്റർ 5-ൽ വകുപ്പു് 68 (2) ൽ കളക്ടർ ജില്ലാ പരിഷത്തിന്റെ ചെയർമാനായിരിക്കുമെന്നു പറയുന്നു. കളക്ടർ ഇല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

ദിവസം അദ്ദേഹം നിശ്ചയിക്കുന്ന ഒരാളെ ആക്കണമെന്നും പറയുന്നുണ്ട്. വൈസ് ചെയർമാനെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രൊവിഷൻ ഇല്ല. അങ്ങനെ കളക്ടരുടെ കൈയാംകളിക്കുള്ള ഒരു സ്ഥാപനമാക്കി ഇതിനെ വച്ചിരിക്കുകയാണ്. കളക്ടരുടെ നോമിനിയായിരിക്കണം കളക്ടർ ഇല്ലെങ്കിൽ പ്രിസൈഡ് ചെയ്യേണ്ടതെന്നു പറയുന്നുണ്ട്. ഇതു് അത്രവളരെ ശരിയായ കാര്യമല്ല. ഇതു് ജനകീയ സംപ്രദായത്തിനു യോജിച്ചതാണെന്നു തോന്നുന്നില്ല. കളക്ടർ ആരെയെങ്കിലും നോമിനേറ്റ ചെയ്തില്ലെങ്കിൽ മീറ്റിംഗ് കൂടാൻതന്നെ സാദ്ധ്യമല്ല. അതുകൊണ്ടു് ഒരു ഇലക്ടഡ് വൈസ് ചെയർമാൻ ആവശ്യമാണ്. അതിനു് ബില്ലിൽ വ്യവസ്ഥ ചെയ്യണമെന്നു് ഞാൻ ആവശ്യപ്പെടുകയാണ്. 83-ാം വകുപ്പ പ്രകാരം പഞ്ചായത്തു കൗൺസിൽ പാസ്സാക്കുന്ന ഏതു റസലൂഷനും കളക്ടർക്കു് വീറ്റോചെയ്യാം. വളരെ പ്രയാസപ്പെട്ടു റസലൂഷൻ പാസ്സാക്കുന്നതു് ഈ നിഗ്രഹാനുഗ്രഹ ശക്തിയുള്ള ഉദ്യോഗസ്ഥൻ വീറ്റോ ചെയ്താൽ, പിന്നെ പഞ്ചായത്തു യൂണിയനു ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. കളക്ടരുടെ മനോഭാവം പോലെയിരിക്കും റസലൂഷൻ നടപ്പാക്കണമോ വേണ്ടയോ എന്നുള്ളതു്. അതുകൊണ്ടു് ഈ വകുപ്പു് മാറ്റണം. വകുപ്പു് 70 (3)ൽ കളക്ടർക്കു വോട്ടചെയ്യാനുള്ള അധികാരം കൊടുക്കുന്നുണ്ട്. ആ അധികാരം എടുത്തുകളയണം. ഔദ്യോഗികനിലയിലാണു് ഈ അധികാരം കൊടുക്കുന്നതെങ്കിൽ ബാക്കിയുള്ള ഉദ്യോഗസ്ഥന്മാർക്കു് എന്തുകൊണ്ടു് വോട്ടിംഗ് പവ്വർ കൊടുത്തുകൂടാ. വോട്ടിംഗ് വരുമ്പോഴും കളക്ടർ നിഷ്പക്ഷമായി നിൽക്കണം. അതുകൊണ്ടു് കളക്ടർക്കുള്ള വോട്ടിംഗ് പവ്വർ എടുത്തുകളയണം. 86-ാം വകുപ്പിൽ പറയുന്നതനുസരിച്ചു് വില്ലേജ് യൂണിയന്റെ തിരഞ്ഞെടുക്കപ്പെട്ട ഒരു ചെയർമാനേയൊ, വൈസ് ചെയർമാനേയോ ഗവണ്മെന്റു് വിചാരിച്ചാൽ നീക്കാം.

> "*Government's power to remove Chairman or Vice-Chairman* The Government may by no ification in the Gazette remove any Chairman or Vice-Chairman who in their opinion wilfully omits or refuses to carry out or discharge the provisions of this Act or any rules, byelaws, regulation or lawful orde s issued thereunder or abuse the powers vested in him." ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

ഈ രാജ്യത്തു് പല രാഷ്ട്രീയപാർട്ടികളും വന്നുംപോയും നേരത്തിലിരിക്കുന്ന അവസരത്തിൽ ഇങ്ങനെയൊരു പ്രൊവിഷൻ വയ്ക്കുന്നതു് അത്രവളരെ ശരിയല്ല. ഇവിടത്തെ രാഷ്ട്രീയം വെറും സംകുചിതമായതുകൊണ്ടു് ഇങ്ങനെയുള്ള ഒരധികാരം ഗവണ്മെന്റിനു കൊടുക്കേണ്ടയാവശ്യമില്ല. ആ അധികാരം എടുത്തുകളയണം. മെജോറിട്ടി വോട്ടോടുകൂടി മാറ്റാൻ വേറൊരു പ്രൊവിഷൻ ഉണ്ട്. പിന്നെന്തിനാണു് ഈ വകുപ്പു്.

84-ാംവകുപ്പു് കളക്ടർക്കു് എമർജൻസി പവ്വർ കൊടുക്കുന്നതാണു്. ജില്ലാപരിഷത്തു് എന്തു വിചാരിച്ചാലും, രാജ്യത്തിന്റെ ആവശ്യമാണെന്നു പറഞ്ഞു എന്തു കാര്യങ്ങളും നടത്തിക്കൊണ്ടു പോകുന്നതിനുള്ള അവകാശം കളക്ടർക്കു കൊടുത്തിരിക്കുന്നതു് ജില്ലാപരിഷത്തിന്റെ അധികാരങ്ങളെ കവർന്നെടുക്കുന്നതായതുകൊണ്ടു് അതു ശരിയാണോയെന്നു് എനിക്കു സംശയമുണ്ട്. അതു സെലക്ട കമ്മിറ്റി ഗാഢമായി ചിന്തിക്കേണ്ടതാണു്. പഞ്ചായത്താക്ടും ഈ നിയമംപാസ്സായിക്കഴിഞ്ഞാൽ വരുന്നതും കൂടി ഒന്നിച്ചെടുത്തു നോക്കിയാൽ ഉദ്യോഗസ്ഥന്മാരുടെ ഒരു വലയം സൃഷ്ടിച്ചു് ജനങ്ങളുടെ കൈയിലേക്കു പകരുന്ന അധികാരങ്ങളും ആ വലയത്തിനകത്തുകിടന്നു കറങ്ങുന്നു എന്നല്ലാതെ യഥാർത്ഥത്തിൽ ജനങ്ങൾക്കു ലഭിക്കുന്നില്ലെന്നു മനസ്സിലാകും. ഈ ആക്റ്റു പ്രകാരം കളക്ടർ, ആർ. ഡി. ഒ. ഡവലപ്പുമെന്റു് ആഫീസർ എന്നിവർ ഒരു വശത്തും പഞ്ചായത്താക്റ്റു പ്രകാരം പഞ്ചായത്തു ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടേഴ്സ്, ഡിസ്ട്രിക്ട് ആഫീസ്സന്മാർ പഞ്ചായത്തു് ഇൻസ്പെക്ടറന്മാർ, എക്സിക്യൂട്ടീവ് ആഫീസറന്മാർ ഇവർ മുവശത്തുമായി അധികാരം വിനിയോഗിക്കുന്നതു് ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ വലയം ഒന്നു മാറ്റിച്ചു് അധികാരം ജനങ്ങളുടെ കൈയിലേക്കു് പകരു



LIBRARY ARCHIVES Kerala Legislative Assembly

ന്നതിനും ജനങ്ങൾക്ക് ആവശ്യമുള്ള കാര്യങ്ങൾ ആവശ്യമുള്ള സമയത്തു് അവരെക്കൊണ്ടു് ചെയ്യിപ്പിക്കുന്നതിനും ഇതിനകത്തെ ചില വകുപ്പുകൾ മാറ്റം ചെയ്യുകയാണെങ്കിൽ സാധിക്കുമെന്നുള്ളതു് തീർച്ചയാണു്. ആ വിധത്തിൽ സെലക്ട് കമ്മിറ്റി ഈ ബിൽ ഒന്നു പരിശോധിക്കണമെന്നാണു് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നതു്. ജില്ലാ പരിഷത്തിനു് ഇന്നത്തെ ഡി. ഡി. സി. യെക്കാൾ കൂടുതൽ അധികാരമുള്ളതായി കാണുന്നില്ല. ഡി. ഡി. സി. യിൽ ഗവണ്മെന്റിനു ഇഷ്ടമുള്ള കുറെ ആളുകളെ നാമനിർദ്ദേശം ചെയ്യുകയാണു്. കുറെ കാര്യങ്ങൾ പറഞ്ഞിട്ടു അവർ പിരിഞ്ഞുപോകും. ജില്ലാപരിഷത്തു് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കണമെന്നു ഉദ്ദേശമുണ്ടെങ്കിൽ കൂടുതൽ അധികാരം കൊടുത്തു് അതു് മറ്റു രീതിയിൽ പോകാതിരിക്കാനുള്ള വ്യവസ്ഥകൾ ഈ നിയമത്തിൽ വരുത്തണം. ഈ രീതിയിൽ സെലക്ട് കമ്മിറ്റി ഈ ബിൽ പരിശോധിക്കണമെന്നുള്ള അപേക്ഷയോടുകൂടി ബിൽ സെലക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്നുള്ള പ്രമേയത്തെ പിൻതാങ്ങുന്നു.

**Mr. Speaker** : Now it is 10'O clock. So Mr. P. M. Kunhiraman Nambiar can speak on the next day.

10 A. M.] **Shri P.M. Kunhiraman Nambiar** : I have no objection It is left to the Chair.

**Mr. Speaker** : Next we pass on to the Non-official Business.

## PRIVATE MEMBERS' BUSINESS

**Shri K.V. Narayanan** : Sir, I move that the Fifth Report of the Committee on Private Members' Bills and Resolutions in 1964 be adopted.

**Shri M. V. Vasu** : Sir, I second it.

The question that the Fifth Report of the Committee on Private Members' Bills and Resolutions in 1964 be adopted was put and carried.

The Report was adopted.

## RESOLUTION No. 1.

*Stay of steps taken for the collection of water cess from the agriculturists of Trichur and Palghat Districts.*

**Mr. Speaker** : Shri M.V.Vasu may move resolution No. 1

ശ്രീ. എം. വി. വാസു: "തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ പല ഭാഗത്തും വെള്ളം കിട്ടാത്ത കൃഷിനിലങ്ങൾക്കു് ജലനികുതി ചുമത്തി അതു പിരിക്കാൻ ജപ്തി നടപടികളും കൈക്കൊണ്ടുവരുന്നതിനെ ഈ സഭ ഉൽക്കണ്ഠയോടെ വീക്ഷിക്കുകയും. ഈ പിരിവു് ഉടൻ നിർത്താനും ഈ വർഷത്തെ മഴക്കുറവുകാരണം വെള്ളം വിട്ടുകൊടുക്കാതെ ഉണങ്ങിപ്പോയ നിലങ്ങൾക്കു് പിരിച്ച ജലനികുതി തിരിച്ചുകൊടുക്കാനും ജപ്തിചെയ്ത വസ്തുക്കൾ അതാതു കൃഷിക്കാർക്കു് വിട്ടുകൊടുക്കാനും വേണ്ടുന്ന നടപടികൾ കൈക്കൊള്ളണമെന്നു് ഈ സഭ ഗവണ്മെൻറിനോടു ശുപാർശ ചെയ്യുകയും ചെയ്യുന്നു."

സർ, ഇതാണു് എന്റെ പ്രമേയം. വാളയാർ, പീച്ചി, ഈ ഡാമുകളിൽ നിന്നും വെള്ളം കിട്ടിക്കൊണ്ടിരുന്ന വളരെ അധികം ഭാഗത്തേക്കു കൃഷിക്കു വെള്ളം കിട്ടീട്ടില്ല. ഉദാഹരണമായിട്ടു ഈ കഴിഞ്ഞ മകരക്കൊയ്ത്തു കാലത്തു പത്തും പന്ത്രണ്ടും മേനി വിളയുന്ന നിലങ്ങളിൽ വാളയാർ ഡാമിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly